MR. A. CHIDAMBARANATHA NADAR : கோட்டயம் சத்திரத்தில் அப்படி வைப்பதற்கு அபிப்பிராயமிருந்தால், கோட்டயம் ஹைஸ்கூலில் வைக்க மந்திரி அவர்களுக்கு அபிப்பிராய முண்டா?

HON'BLE MR. T. K. NARAYANA PILLAI : കോട്ടയം ഹൈസ്കൂളിൽ താമസിപ്പിക്കുവാൻ സൗകര്യം ഇല്ല.

MRS. DEVAKI GOPIDAS : ഇതു കുറച്ചുനാളത്തേക്കല്ലാ എന്നറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : അതു് ചോദ്യത്തിൽ നിന്നും മനസ്സിലായി.

പള്ളിച്ചൽ—വിഴിഞ്ഞം റോഡ്.

*554. MR. S. KUTTAN (നെയ്യാറ്റിൻകര ഫ—ജനറൽ) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ലിയു. വകുപ്പു മന്ത്രി സദയം മറുപടി പറയുമോ ?

പള്ളിച്ചൽ—വിഴിഞ്ഞം റോഡിൽ രണ്ടാമതു മൈൽക്കുറ്റിയിൽ നിന്നും വെള്ളായണി കായൽ കടത്തുവള്ളക്കടവിലേക്കുള്ള റോഡ് ഡിപ്പാർട്ട്മെൻറിൽനിന്നും ഗ്രാവൽചെയ്യുകിട്ടേണ്ടതാണെന്ന് നാട്ടുകാരുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. K. R. ELANKATH : ഉണ്ടു്.

MR. S. KUTTAN : അതനുസരിച്ചു് നടപടി എടുത്തിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : ഉണ്ടു്. ആ സ്ഥലത്തേക്കു് ഇതിനായി ഫ ൨ ൦ ൦ ൦ രൂപയുടെ ചെലവു് അനുവദിച്ചിട്ടുണ്ടു്.

MR. S. KUTTAN : ജോലി നടത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ ?

HON'BLE MR. K. R. ELANKATH : ഉണ്ടു്. പക്ഷെ എപ്പോഴാണു് നടത്തേണ്ടതു് എന്നു തീരുമാനിക്കേണ്ടതു് കമ്മിറ്റിയാണു്.

കല്ലറപകുതി വിഭജനം.

*555. MR. V. MADHAVAN (വൈക്കം ഫ—ജനറൽ): താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി സദയം മറുപടി പറയുമോ ?

(എ) വൈക്കം താലൂക്കിൽ തലയാഴം പകുതിയിൽപ്പെട്ട കല്ലറ നിവാസികൾ കല്ലറ ഒരു പ്രത്യേക പകുതിയായി തിരിച്ചുകിട്ടണമെന്നു് അപേക്ഷിച്ചിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly